**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1146** **02.05.2017 ൽ മറുപടിയ്ക്ക്**

**വിഷരഹിത പച്ചക്കറി ലഭ്യത ഉറപ്പാക്കാൻ മുൻകരുതലുകൾ**

| **ചോദ്യം**<br>ശ്രീ. സി. ദിവാകരൻ | **ഉത്തരം**<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) വിഷരഹിതമായ പച്ചക്കറികളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനായി എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ മുഖേന പച്ചക്കറി കൃഷി ചെയ്തുവരുന്നു. ക്ലസ്റ്ററിൽ നിന്നുള്ള വിഷരഹിതമായ പച്ചക്കറികൾ ഇക്കോഷോപ്പ് വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിഷരഹിതമായ പച്ചക്കറികൾ ഉൽപാദിപ്പി ക്കുന്നതിനും വിപണനം നടത്തുന്നതിനുമായി കൃഷി വകുപ്പ് സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. ക്ലസ്റ്ററിൽ നിന്നുള്ള പച്ചക്കറികൾ നേരിട്ട് വിപണനം നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. കൂടാതെ ഇക്കോഷോപ്പുകൾ മുഖേന വിപണനം നടത്തുന്നതിന് ഒരു കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് ഇൻസെന്റീവ് നൽകി വരുന്നു. പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് ഫലം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. പത്ര ദൃശ്യമാധ്യമങ്ങളിൽ പരിശോധനാ ഫലം പ്രസിദ്ധീകരിക്കുന്നതിനാൽ ഈ വിഷയത്തിൽ ജനങ്ങൾക്ക് അവബോധം ഉണ്ടാകുന്നുണ്ട്. |
| (ബി) വിഷമയമായ പച്ചക്കറികൾ മാർക്കറ്റുകളിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പച്ചക്കറികൾ വിൽക്കുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) വിഷാംശമുള്ള പച്ചക്കറികളിൽ ഫുഡ് സേഫ്റ്റി നിയമം നിഷ്കർഷിക്കുന്ന പരിധിക്ക് മുകളിൽ കീടനാശിനികളുടെ അംശം കണ്ടെത്തുകയാണെങ്കിൽ അത്തരം പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെ 2006 -ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരം ആരോഗ്യ വകുപ്പിൽ കീഴിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷണർ നിയമ നടപടികൾ സ്വകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**